ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. വായ്പ

62 (243) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ എ.ഡി.ബി. വായ്പ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. വായ്പ എന്നാൽ എന്താണ്;

(സി) ഈ പദ്ധതികൊണ്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ഇതിനായി എ.ഡി.ബി. നൽകുന്ന വായ്പ തുക എത്രയാണ്; ഈ വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) സംസ്ഥാനത്തെ കോർപ്പറേഷനുകൾ എ.ഡി.ബി. മുന്നോട്ട് വച്ച വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച കോർപ്പറേഷനുകളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുമോ;

(ജി) ഈ കരാറിൽ സംസ്ഥാന സർക്കാരിന് വേണ്ടി ആരൊക്കെയാണ് ചർച്ചകളിൽ പങ്കെടുത്തിട്ടുള്ളത്; ഈ വായ്പ ഈടാക്കുന്ന പലിശ എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) നഗരസഭകളുടെ അടിസ്ഥാന വികസനത്തിലൂന്നിയുള്ള സാമ്പത്തിക സാമൂഹിക ഉന്നമനം, പരിസ്ഥിതി സന്തുലനം, ദാരിദ്ര്യ നിർമ്മാർജ്ജനം, നഗരഭരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ശുദ്ധജല വിതരണം, നഗരഗതാഗത സംവിധാനം എന്നിവയുടെ മെച്ചപ്പെടുത്തൽ, ഖരമാലിന്യ/മലിനജല സംസ്കരണം, അഴുക്കു ചാലുകൾ, ഉറവകൾ എന്നിവകൾ വൃത്തിയാക്കൽ തുടങ്ങിയ സമഗ്ര വികസനമാണ് എ.ഡി.ബി. സഹായത്തോടെയുള്ള കേരള സുസ്ഥിര നഗരവികസന പദ്ധതി വിഭാവനം ചെയ്യുന്നത്.

(ഡി) പദ്ധതി അടങ്കൽ തുകയായ 316.10 ദശലക്ഷം ഡോളറിൽ 70%, അതായത് 222.20 ദശലക്ഷം ഡോളർ എ.ഡി.ബി. വായ്പയായി ലഭ്യമാക്കുന്നതാണ്. വായ്പ ലഭിച്ച് അഞ്ചു വർഷത്തിനുശേഷം 20 വർഷത്തിനുള്ളിൽ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നതാണ് വ്യവസ്ഥ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എ.ഡി.ബി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അല്ലാതെ പ്രത്യേക വ്യവസ്ഥകൾ ഒന്നുംതന്നെയില്ല. പ്രസ്തുത വായ്പ സംബന്ധിച്ച വിശദാംശങ്ങൾ കോർപ്പറേഷനുകൾക്കു മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളതും കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള 4 കോർപ്പറേഷനുകളും പദ്ധതി അംഗീകരിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

(എഫ്) നഗരസഭകളുടെ പൊതുവായ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു:

1. ശുദ്ധജലവിതരണത്തിൽ പരിഷ്കാരങ്ങൾ നടത്തുമ്പോൾ പൊതു ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതില്ലെന്നും പൊതു ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിച്ച് ജലവിനിയോഗം നിർണ്ണയിക്കുന്നതിന് സമ്മതമാണെന്നും ദുർബല വിഭാഗങ്ങൾക്ക് അധികഭാരമോ ജലവിനിയോഗ നിരോധമോ ടി നടപടികളിലൂടെ ഉണ്ടാകരുതെന്നും നിർദ്ദേശിച്ചു.

2. പുതുതായി സ്ഥാപിക്കപ്പെടുന്ന ശുദ്ധജലവിതരണ ശൃംഖലകളുടേയും മലിനജല/ഖരമാലിന്യ സംസ്കരണ വ്യൂഹങ്ങളുടെയും പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഉപഭോക്തൃനികുതി/ചാർജ്ജ് എന്നിവ കോർപ്പറേഷനുകൾ ഈടാക്കുമ്പോൾ ദരിദ്ര വിഭാഗത്തിന് അധികഭാരം ഉണ്ടാകാത്ത നിലയിൽ ഈടാക്കേണ്ടതാണ്.

3. പദ്ധതി നിർവ്വഹണം കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം കോർപ്പറേഷൻ കൗൺസിലുകൾക്ക് ലഭ്യമായിട്ടുള്ള അധികാരത്തെ പരിരക്ഷിച്ചു കൊണ്ടും കൗൺസിലിന്റെ മേൽനോട്ടത്തിലും ആയിരിക്കണം.

4. വായ്പകകളിലെ കമ്മിറ്റ്മെന്റ് ചാർജ്ജ് ഒഴിവാക്കുന്നതിനോ ഗണ്യമായി കുറയ്ക്കുന്നതിനോ സർക്കാർ തലത്തിൽ ശ്രമിക്കേണ്ടതാണ്.

(ജി) ഈ ചർച്ചകളിൽ സംസ്ഥാന സർക്കാരിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാരായ സർവ്വശ്രീ. പി. കമാൽ കുട്ടി, എസ്. എം. വിജയാനന്ദ്, ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. വെങ്കിട്ടരമണൻ എന്നിവർ പങ്കെടുത്തു. വായ്പയ്ക്ക് ലണ്ടൻ ഇന്റർ ബാങ്ക് ഓഫേർഡ് റേറ്റ് (London Inter Bank Offered rate - LIBOR) പ്രകാരം 4.15+0.40% പലിശ കണക്കാക്കപ്പെടുന്നു.

ചീഫ് ടൗൺപ്ലാനർ നിയമനം

63 (244) ശ്രീ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമാനുസൃതം ചീഫ് ടൗൺപ്ലാനറെ നിയമിച്ച ശേഷം പ്രസ്തുത തസ്തിക ഒഴിച്ചിട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചീഫ്ടൗൺ പ്ലാനറെ ധനകാര്യ സ്ഥാപനമായ കെയുആർഡിഎഫ്സി-യുടെ എം.ഡി. ആയി നിയമിക്കുവാനുണ്ടായ കാരണം എന്ത് എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ചീഫ് ടൗൺ പ്ലാനറുടെ അധിക ചുമതല നൽകിയിരിക്കുന്ന എസ്. രാജാറാമിന്റെ പേരിൽ എത്ര വിജിലൻസ് കേസ് നിലവിലുണ്ട്; ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly